**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2092** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>എറണാകുളം മണ്ഡലത്തിലെ കനാൽ നവീകരണ പദ്ധതിയുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** എറണാകുളം മണ്ഡലത്തിൽ കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കനാലുകളുടെ പ്രവർത്തനപുരോഗതി, കനാലിന്റെ പേര് തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പ്രോജക്ടിന്റെ ഭാഗമായി എറണാകുളം മണ്ഡലത്തിൽ നവീകരിക്കുന്ന കനാലുകളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

1. ചിലവന്നൂർ കനാൽ – അമൃത ഹോസ്പിറ്റൽ മുതൽ കലൂർ ബാനർജി റോഡ് വരെയുള്ള ഭാഗം)

വെള്ളപ്പൊക്ക നിവാരണത്തിനായി കനാലിന്റെ വീതി കൂട്ടുന്നതിനും, ഇരുകരകളിലും നടപ്പാത നിർമ്മിക്കുന്നതിനുമായി 16.09 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 2021 ജൂണിൽ നല്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുവേണ്ടി കനാൽ പുറമ്പോക്ക് അതിർത്തി നിർണ്ണയ സർവ്വെ ജോലികൾ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത സ്ഥലം കൈമാറുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

2. പേരണ്ടൂർ കനാൽ – (പേരണ്ടൂർ റെയിൽവേ പാലം മുതൽ തേവര കനാൽ വരെ)

വെള്ളപ്പൊക്ക നിവാരണത്തിനായി കനാലിന്റെ വീതി കൂട്ടുന്നതിനും ഇരുകരകളിലും നടപ്പാത നിർമ്മിക്കുന്നതിനുമായി 7.46 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 2021 മെയ് മാസം നല്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിന് വേണ്ടി കനാൽ പുറമ്പോക്ക് അതിർത്തി നിർണ്ണയ സർവ്വെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത സ്ഥലം കൈമാറുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

3. തേവര കനാൽ- (തേവര കായൽ മുതൽ കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത വരെ)

നിലവിൽ കനാലിനു കുറുകെ സ്ഥിതി ചെയ്യുന്ന കല്ലുപാലം പുനർനിർമ്മിക്കുന്നതിനു വേണ്ടി സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി, 2025 ഒക്ടോബർ മാസത്തിൽ വിശദ പഠന റിപ്പോർട്ട് KIIFB യിൽ സമർപ്പിച്ചിട്ടുണ്ട്. KIIFB യിൽ നിന്നും ധനാനുമതി ലഭിച്ചു പൊന്നുംവില നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, കനാലിന്റെ അലൈൻമെന്റ് അന്തിമമാക്കുന്നതിനുവേണ്ടി,

കനാൽ പുറമ്പോക്ക് അതിർത്തി നിർണ്ണയ സർവ്വെ ജോലികൾ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

4. മാർക്കറ്റ് കനാൽ – (എറണാകുളം മാർക്കറ്റ് ബാനർജി റോഡ് മുതൽ കൊച്ചി കായൽ വരെ)

നവീകരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് PACതുകയേക്കാൾ അധികരിച്ച ടെണ്ടർ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

5. കോന്തുരുത്തി കനാൽ – (തേവര കനാലിൽ നിന്നും ആരംഭിച്ച് തേവര കായലിൽ അവസാനിക്കുന്നു)

കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ ഭരണകൂടവും കൊച്ചിൻ കോർപ്പറേഷനുമാണ് സ്വീകരിച്ചുവരുന്നത്. പുനരധിവാസ പ്രവർത്തികൾ പൂർത്തിയാക്കി പ്രസ്തുത സ്ഥലം കൈമാറുന്ന മുറയ്ക്ക് മാത്രമേ കനാൽ വീതി കൂട്ടുന്നതിനും നിലവിലുള്ള കലുങ്ക് പുനർനിർമ്മിക്കുന്നതിനും വേണ്ടിയുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

6. മംഗളവനം കനാൽ – (മംഗളവനം പക്ഷി സങ്കേതം മുതൽ കൊച്ചി കായൽ വരെ)

കനാൽ നവീകരണത്തിനായുള്ള സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ 2025 നവംബർ മാസത്തിൽ KIIFB യിൽ സമർപ്പിച്ചിട്ടുണ്ട്. KIIFB യിൽ നിന്നും ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**